പ്രസിദ്ധീകരണത്തിന്

# ലത്തീൻ സഭയ്ക്ക് നികത്താനാവാത്ത വിടവായി ഡാനിയേൽ പിതാവ് വിടചൊല്ലി

**തിരുവനന്തപുരം, ഒക്ടോബർ 26:** വരാപ്പുഴ അതിരൂപതയ്ക്ക് മാത്രമല്ല, കേരള സഭയ്ക്കാകമാനം സ്തുത്യർഹമായ നേതൃത്വം നൽകിക്കൊണ്ടിരുന്ന ഒരു പുണ്യപുരുഷനാണ് അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ്. കഴിഞ്ഞ കുറെ വർഷങ്ങളായി അദ്ദേഹം ശാരീരികമായ അസ്വസ്ഥതകളിലൂടെ കടന്നുപോവുകയായിരുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തിന്റെ അജപാലന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിരുന്നില്ല. ഒന്നിനും ഒരു കുറവും വരുത്താതെ ദൈവം തന്നെ ഏല്പിച്ച ദൗത്യത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ടു പോവുകയായിരുന്നു. തന്റെ ബുദ്ധിയും ശക്തിയും കഴിവുകളും ആരോഗ്യവും മാത്രമല്ല, തന്നെത്തന്നെ മുഴുവനായും ദൈവത്തിനായി സമർപ്പിച്ച ഒരു സന്യാസവര്യൻ കൂടിയായിരുന്നല്ലോ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ്. ഈ അരൂപിക്കൊത്ത് അവസാനംവരെ ജിവിക്കുവാൻ സാധിച്ചുവെന്നാണ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രത്യേകത.

അദ്ദേഹത്തിന്റെ രോഗം ഇത്രവേഗം മൂർച്ഛിക്കുമെന്നോ ഇത്രപെട്ടെന്ന് അദ്ദേഹം നമ്മെയെല്ലാം വേർപിരിഞ്ഞു പോകുമെന്നോ ഒരിക്കലും പ്രതീക്ഷിച്ചതല്ല. ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യങ്ങളുമാണ്. ദുഃഖത്തോടു കൂടെയാണെങ്കിലും അവിടുത്തെ അനന്തമായ പരിപാലനയുടെ മുമ്പിൽ നമുക്കു ശിരസ്സുനമിക്കാം.

ആദ്ധ്യാത്മിക രംഗത്തുമാത്രമല്ല, വിദ്യാഭ്യാസ രംഗത്തും, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലും നിറഞ്ഞു നിന്ന ഒരു വ്യക്തിയാണ് അഭിവന്ദ്യ ഡാനിയേൽ പിതാവ്. നമ്മളിലെല്ലാം ഒരു ശൂന്യതയുടെ അനുഭവം ഉളവാക്കിക്കൊണ്ടാണ് അദ്ദേഹം നമ്മെയെല്ലാം വേർപിരിയുന്നത്. ഒരു ഉറ്റസ്നേഹിതനെ, ഒരു നല്ല വഴികാട്ടിയെ, ഒരു നല്ല സഹപ്രവർത്തകനെ നഷ്ടപ്പെട്ട ഒരു പ്രതീതിയാണ് എനിക്കുള്ളത്. ഓരോ വ്യക്തിക്കും അവരവരുടേതായ തനിമയുള്ളതുകാരണം ഒരു വ്യക്തിയുടെ വിടവുനികത്തുവാൻ മറ്റാർക്കും സാധിക്കുകയില്ലല്ലോ. നികത്താനാവാത്ത ഒരു വിടവും ശൂന്യതയും സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം കടന്നുപോകുന്നത്. എങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹത്തിൽ നിന്നും ലഭിച്ച സ്നേഹവും മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും പ്രചോദനവും ഒരിക്കലും അസ്തമിക്കാത്ത പ്രകാശമായി നമ്മുടെയൊക്കെ മുമ്പിൽ തെളിഞ്ഞു നിൽക്കും. അഭിവന്ദ്യപിതാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതിനോടുമൊപ്പം പിതാവിന്റെ വേർപാടിൽ വളരെയേറെ വേദനയനുഭവിക്കുന്ന വരാപ്പുഴ രൂപതാംഗങ്ങളോടും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുമുള്ള എന്റെ ആത്മാർത്ഥമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത